പ്രതിവാരം
സീതി

# പ്രതിരോധവും പുരാവസ്തു ഗവേഷണവും

**എസ്.എസ്.എൽ.സി** കഴിഞ്ഞ വിദ്യാർഥികൾക്കുള്ള ക്യാമ്പാണ് രംഗം. ചോദ്യോത്തര പരിപാടിയിൽ ഒരു കുട്ടിയുടെ ചോദ്യം: *മുശ്‌രിക്കുകളെ കൊല്ലണമെന്ന്* സൂറത്തുത്തൗബ*യിൽ അഞ്ചാം ആയത്തിൽ പറയുന്നുണ്ടല്ലോ. നിങ്ങളെന്താ കൊല്ലാത്തത്?* വെറുമൊരു ജൂനിയർ ഫ്രണ്ടിന്റെ ചോദ്യമാണിതെങ്കിൽ സീനിയർ ഫ്രണ്ടുകാർ നാടുനീളെ കഴിഞ്ഞ ഒരു മാസമായി ഇതു തന്നെയാണ് മൈക്ക് കെട്ടി പറഞ്ഞുകൊണ്ടിരിക്കുന്നത്. വയനാട്ടിൽ നിന്നുള്ളൊരു സുപ്രീം കൗൺസിലർ പ്രവാചകൻ നടത്തിയ കൊലപാതകങ്ങളെ ലിസ്റ്റ് ചെയ്ത് നടത്തുന്ന വാഗ്ധോരണി കേട്ടാൽ തോന്നുക റിപ്പർ ചന്ദ്രന്റെ അളിയനാണ് മുഹമ്മദ് നബിയെന്നാണ്. പ്രവാചകൻ സൗമ്യനും ഹൃദയാലുവുമായിരുന്നു എന്നു പറയുന്നത് എന്തോ ഒരു അശ്ലീല വർത്തമാനമാണെന്നാണ് അദ്ദേഹത്തിന്റെ വെപ്പ്. ബനൂഖുറൈള സംഭവത്തെക്കുറിച്ച് യുക്തിവാദി ഇടമറുക് പറയുന്നതിനേക്കാൾ ഭീതിജനകമായ ഭാഷയിൽ അദ്ദേഹം അവതരിപ്പിക്കും. എന്നിട്ടുമെന്തേ നിങ്ങളാരും വാളെടുത്ത് നമ്മളോടൊപ്പം വരാത്തൂ എന്നാണ് പുള്ളിക്കാരന്റെ വേപഥു.

കൂട്ടത്തിൽ മുതിർന്നൊരു സുപ്രീം കൗൺസിലർ ഞങ്ങളുടെ നാട്ടിലും വന്നു. ജമാഅത്തെ ഇസ്‌ലാമി, ആലപ്പുഴയിൽ സുനാമിയിൽ പെട്ടവർക്കും ഗുജറാത്തിൽ കലാപത്തിൽ പെട്ടവർക്കും വീടുവെച്ചുകൊടുത്തപ്പോൾ അതിൽ ഹിന്ദുക്കൾക്കും വീടുവെച്ചു കൊടുത്തുവെന്നതാണ് അദ്ദേഹത്തിന്റെ സൈദ്ധാന്തികത മുറ്റിയ പരാതി. ആലപ്പുഴയിൽ പണിതു കൊടുത്ത വീട്ടിൽ സലാം ചൊല്ലി കടക്കാൻ നിങ്ങൾക്ക് പറ്റുമോ എന്ന് ഇക്കൂട്ടരുടെ ഇന്റർനെറ്റ് സാഹിത്യത്തിൽ ഒരു ചോദ്യമുണ്ട്.

ഞങ്ങൾ ദീനിനെ, സമുദായത്തെ പ്രതിരോധിക്കാനിറങ്ങിയ ധീരമുജാഹിദുകൾ. പ്രവാചകന്റെ നേരവകാശികൾ. അല്ലാത്തവർ പേടിത്തൊണ്ടന്മാർ. കുപ്പായത്തിൽ ചെളിപുരളുന്നത് ഭയക്കുന്നവർ. ഭയത്തെ ന്യായീകരിക്കാൻ അവർ മക്കീ സൂക്തങ്ങൾ തേടി നടപ്പാണ്. ചെങ്കടൽ പിളർത്തി മൂസായിലേക്ക് പോവുന്നു. സുഹൃത്തേ, ജിഹാദ് നടത്താൻ ആവില്ലെങ്കിൽ നടത്തേണ്ട. പക്ഷേ, അത് നടത്തുന്നവരെ വെറുതെ സുയിപ്പാക്കരുത്-ഇങ്ങനെ പോകുന്നു പ്രതിരോധ കാമ്പയിൻ.

ഹ! നിങ്ങൾ ഹമാസിനെയും ഹിസ്ബുല്ലയെയും ഹിസ്ബെ ഇസ്‌ലാമിയെയും അനുകൂലിക്കുന്നു. അവർക്കു വേണ്ടി കോളമെഴുതുന്നു. ആവേശത്തോടെ മുദ്രാവാക്യം വിളിക്കുന്നു. പക്ഷേ ഇവിടെ ഞങ്ങളെ എതിർക്കുന്നു. ഇതെന്ത് ന്യായം, ഇതെന്തു നീതി? ഇതിലൂടെ പറയാതെ പറയുന്നത് ഇതാണ്: ഇതാ, ഈ പ്രസംഗിക്കുന്ന ഞാൻ ഒരു ഖാലിദ് മിശ്അലാണ്, ഹസൻ നസ്റുല്ലയാണ്, ഗുൽബുദ്ദീൻ ഹിക്മതിയാറാണ്. പിന്തുണക്കൂ, ഞങ്ങളെ. നാടിന്റെ സ്വന്തം ഹമാസ്! അങ്ങനെ സ്വയം ഒരുതരം ഖാലിദ് മിശ്അൽ സിൻഡ്രം ബാധിച്ച നേതാക്കൾ വലിയ ബോഡി സെക്യൂരിറ്റിയൊക്കെ വെച്ചാണ് നടപ്പ്!

ഫലസ്ത്വീനിലെ സാഹചര്യമെന്ത്, ഇന്ത്യയിലെ അവസ്ഥയെന്ത്; ഇതൊന്നും വിശകലനവിഷയമല്ല. ഫലസ്ത്വീനിൽ എന്തിനു വേണ്ടി, ആരോടാണ് പൊരുതിക്കൊണ്ടിരിക്കുന്നത്; അതും വിഷയമല്ല. പ്രസംഗം കേട്ടാൽ തോന്നും, മുസ്‌ലിം പെണ്ണിനെ പ്രേമിച്ച അമുസ്‌ലിം ചെക്കനെ വിരട്ടാൻ അഹ്മദ് യാസീൻ കഷ്ടപ്പെട്ടുണ്ടാക്കിയ സാധനമാണ് ഹമാസ് എന്ന്. നാടൻ ഹമാസിന്റെ സുപ്രധാന അജണ്ടകളിലൊന്ന് ഇതാണല്ലോ.

ഫലസ്ത്വീനിലെ ഹമാസിന് രൂപം നൽകിയത് ഇഖ്‌വാനുൽ മുസ്‌ലിമൂനാണ്. എന്നാൽ ഈജിപ്തിൽ അതു പോലൊരു സംവിധാനമുണ്ടാക്കാൻ ഇഖ്‌വാൻ തയാറായില്ല. കുപ്പായത്തിൽ ചെളിപുരളുമെന്ന ഭയം കൊണ്ടല്ല. സ്ഥലകാലങ്ങളെയും രാഷ്ട്രീയ-സാമൂഹിക സാഹചര്യങ്ങളെയും പക്വമായി വിലയിരുത്താനുള്ള ശേഷി അവർക്കുണ്ടായിരുന്നു എന്നതു കൊണ്ടാണ്. ഈജിപ്തിൽ പീഡനമില്ലാഞ്ഞിട്ടല്ല. ഇന്ത്യയിൽ പത്തു വർഷം കൊണ്ട് നടക്കുന്ന പീഡനം ഈജിപ്തിൽ ഒരു വർഷം നടക്കുന്നുണ്ട്. പ്രസ്ഥാനത്തിന്റെ സ്ഥാപകനായ ഹസനുൽ ബന്നാ, സൈദ്ധാന്തികനായ സയ്യിദ് ഖുത്വ്ബ്, അബ്ദുൽ ഖാദിർ ഔദ തുടങ്ങി നിരവധി മുൻനിര നേതാക്കളെ ഭരണകൂടം നേരിട്ട് ക്രൂരമായി കൊലചെയ്തു. നൂറുകണക്കിന് പ്രവർത്തകരെ കൂട്ടക്കൊലക്ക് ഇരയാക്കി. ആയിരക്കണക്കിന് പ്രവർത്തകരെ -സ്ത്രീകളടക്കം-തടവറകളിൽ മൃഗീയ പീഡനത്തിനിരയാക്കി. തെരഞ്ഞെടുക്കപ്പെട്ട പാർലമെന്റ് അംഗങ്ങൾ പോലും ഇപ്പോഴും തടവറയിലാണ്. അവിടെ ഇഖ്‌വാനികൾ അർധരാത്രി പോലീസ് സ്റ്റേഷനിൽ പോയി ഒരു നേതാവിനെയും മോചിപ്പിച്ചതായി വിവരമില്ല (മുസ്‌ലിംകൾക്ക് മൃഗീയ ഭൂരിപക്ഷമുള്ള, ഇഖ്‌വാന് വമ്പിച്ച സ്വാധീനമുള്ള സമൂഹമാണ് ഈജിപ്ത് എന്നും ഓർക്കണം). ഇഖ്‌വാനികൾ ഇവിടത്തെ കാർകുനുകളെപ്പോലെ പേടിത്തൊണ്ടന്മാരാണെന്ന് ഏതായാലും അഭിപ്രായം കാണില്ലല്ലോ. സുഹൃത്തുക്കളേ, ഒരു നിലപാടിന്റെ വിഷയമായിരുന്നു. ഇഖ്‌വാനികൾക്ക് ആയുധമെടുക്കാൻ അറിയാഞ്ഞിട്ടല്ല. അവരുടെ ആയുധത്തിന്റെ രുചി പലരും അനുഭവിച്ചതാണ്. സമൂർത്ത സാഹചര്യങ്ങളെ ഇസ്‌ലാമികമായി വിശകലനം ചെയ്യുന്നത് അവർക്ക് അറിയാമായിരുന്നു എന്നതാണ് കാര്യം.

എന്നാൽ അവിടെയും ഉണ്ടായി കുറച്ച് സുപ്രീം കൗൺസിലുകൾ. ഭരണകൂടത്തിനെതിരെ തുറന്ന പോരാട്ടമല്ലാതെ വഴിയില്ല എന്നതായിരുന്നു അവരുടെ കട്ടായം. ധൈര്യമുള്ളവർ പോരീൻ, പേടിത്തൊണ്ടന്മാർ 'മണ്ണാങ്കട്ട സർഗാത്മക ജനാധിപത്യ'വുമായി കയിലു കുത്തി ഇരുന്നോളീൻ. അങ്ങനെ ജിഹാദ് അടിവെച്ചടിവെച്ച് മുന്നേറി. ടൂറിസ്റ്റുകൾ അവിടെയിവിടെയായി കൊല്ലപ്പെട്ടു. കുറച്ച് പോലീസുകാരും ഉദ്യോഗസ്ഥരും-അവർക്കും നഷ്ടപ്പെട്ടു ഓരോ തല വീതം. പക്ഷേ, അവർക്കൊരു സത്യസന്ധതയുണ്ടായിരുന്നു. ഞങ്ങൾ ജിഹാദ് ചെയ്യുന്നവരാണ്, ജിഹാദ് മാത്രമാണ് ഞങ്ങളുടെ വഴി എന്നവർ തുറന്ന്, ആർജവത്തോടെ പ്രഖ്യാപിച്ചിരുന്നു. ദേശീയ വികസന മുന്നണിയല്ല, അൽ ജമാഅത്തുൽ ഇസ്‌ലാമിയ്യ തന്നെയാണ് അവർ രൂപീകരിച്ചത്. പുറത്ത് മനുഷ്യാവകാശം, ഉള്ളിൽ ജിഹാദ് ഇങ്ങനെ ഇരട്ടത്താപ്പ് അവർക്കുണ്ടായിരുന്നില്ല. കൊല്ലം കുറേ കഴിഞ്ഞപ്പോൾ അവർക്കും കാര്യം ബോധ്യപ്പെട്ടു. പോലീസുകാരനെ കൊന്നും ടൂറിസ്റ്റുകളെ വിരട്ടിയും പ്രേമിക്കുന്ന ചെക്കനെ വെട്ടിയും ഇസ്‌ലാമിക വിപ്ലവം കൊണ്ടുവരാൻ കഴിയുമെന്നത് ഇസ്‌ലാമിനെ തന്നെ കൊച്ചാക്കലാണ്. അവർ പരിപാടി നിർത്തി. *പുനരാലോചനകൾ* എന്ന പേരിൽ ഗ്രന്ഥം തന്നെ എഴുതി. ഇപ്പോൾ പാവം കാർകുനുകളായി ജീവിക്കുന്നു. പക്ഷേ, അവർക്ക് ബുദ്ധി ഉദിക്കുമ്പോഴേക്കും ഈജിപ്തിലെ ഇസ്‌ലാമിക സമൂഹവും ഇസ്‌ലാമിക പ്രസ്ഥാനവും അതിന് കൊടുക്കേണ്ടിവന്ന വില കനത്തതായിരുന്നു. ഈ അബദ്ധം നമ്മുടെ നാട്ടിലും ആവർത്തി

ക്കരുതെന്നേ ഇസ്‌ലാമിക പ്രസ്ഥാനവും പറഞ്ഞിട്ടുള്ളൂ. സുപ്രീം കൗൺസിലിന് ബുദ്ധി ഉദിക്കുന്നതുവരെ കേരളീയ സമൂഹം കാത്തിരിക്കണമെന്ന് പറഞ്ഞാൽ അത് അൽപം കടന്ന വാദമാണ്. അതു കൊണ്ടാണ് അൽജമാഅത്തുൽ ഇസ്‌ലാമിയ്യയോട് പറഞ്ഞ അതേ കാര്യങ്ങൾ ശൈഖ് ഖറദാവി ദേശീയ വികസന മുന്നണിയോടും പറയുന്നത്.

ഇസ്‌ലാമിക പ്രസ്ഥാനം ഈ വിഷയത്തിൽ വലിയ കാമ്പയിനൊന്നും നടത്തിയിട്ടില്ല. അമീറിന്റെ പത്രസമ്മേളനത്തിൽ ഒരു ചോദ്യത്തിനുത്തരം. ഒന്നു രണ്ട് ലേഖനങ്ങൾ. പക്ഷേ, അത് മതിയായി. നാടുനീളെ ഇപ്പോൾ ഇസ്‌ലാമിക പ്രസ്ഥാനത്തെയാണ് ടാർഗറ്റ് ചെയ്യുന്നത്. വിസ്പർ കാമ്പയിനും ഇ-മെയിൽ കാമ്പയിനും വേണ്ടതുപോലെ നടക്കുന്നുണ്ട്. പുതിയൊരു പരിപാടി കൂടി തുടങ്ങിയിരിക്കുന്നു: പുരാവസ്തു ഗവേഷണം! അതായത്, *പ്രബോധനം* വാരികയുടെ പഴയ ലക്കങ്ങളിൽ *പ്രതിരോധം* എന്ന വാക്ക് വന്ന ലേഖനങ്ങളെല്ലാം ഗവേഷണം നടത്തി കണ്ടെത്തുക. അത് സ്വന്തം പത്രം വഴിയും മറ്റും പ്രചരിപ്പിക്കുക. കേട്ടാൽ തോന്നുക, ആരും ആരെയും ഒരിക്കലും പ്രതിരോധിക്കരുതെന്ന് ഇസ്‌ലാമിക പ്രസ്ഥാനം പറഞ്ഞിട്ടുണ്ടെന്നാണ്.

പക്ഷേ, അധികം പഴക്കമില്ലാത്ത ഒരു സ്വന്തം പുരാവസ്തു പറയുന്നത് ഞങ്ങൾ വെറുമൊരു സെക്യുലർ സംഘടനയാണ്, ആർ.എസ്എസ്സിനെ സായുധമായി പ്രതിരോധിക്കുന്നത് അപ്രസക്തമാണ് എന്നൊക്കെയാണ്. *റീഡിഫ് ഡോട്ട് കോമിനു* വേണ്ടി അന്നത്തെ എൻ.ഡി.എഫ് ചെയർമാൻ ഇ.എം അബ്ദുർറഹ്മാനുമായി ചിന്ദു ശ്രീധരൻ നടത്തിയ ഈ അഭിമുഖത്തിലൂടെ (http://www.rediff.com/news/1999/apr/30keral1.htm) ഒന്ന് കണ്ണോടിച്ചു നോക്കൂ:

*കൃത്യമായി പറഞ്ഞാൽ എന്താണ് ആർ.എസ്.എസ്സിനെ പ്രതിരോധിക്കാനുള്ള നിങ്ങളുടെ തന്ത്രം?*

മൂന്ന് വിഭാഗക്കാരെയാണ് ഭാരതമാതാവിന്റെ ശത്രുക്കളായി ആർ.എസ്.എസ് കാണുന്നത്-മുസ്‌ലിംകൾ, ക്രിസ്ത്യാനികൾ, കമ്യൂണിസ്റ്റുകൾ. അവർ ഇവർക്കെതിരെ സായുധവും ശാരീരികവുമായ യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നു. അതൊരു സായുധ സംഘടനയാണ്. നാടിന്റെ നിയമം ധിക്കരിക്കുന്ന ഒരു കൂട്ടം. ഒരു സൈനിക സംഘടനയുണ്ടാക്കി അവരോട് പൊരുതാൻ ഞങ്ങളെപ്പോലുള്ള മതന്യൂനപക്ഷങ്ങൾക്ക് സാധ്യമല്ല. രാഷ്ട്രീയ മാറ്റം കൊണ്ടുവരികയെന്നുള്ളതാണ് പോംവഴി. അതാണ് സ്ഥായിയായ ഒരേയൊരു പരിഹാരം. ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്താൻ കഴിയുന്ന കാഡറിനെ രൂപപ്പെടുത്തിയെടുക്കുകയും അവരെ നമ്മുടെ വൃത്തത്തിൽ കൊണ്ടുവരികയുമാണ് നമുക്ക് വേണ്ടത്.

*കാഡർ? അതും ആർ.എസ്.എസ്സിനെപ്പോലെയായിരിക്കില്ലേ?*

കാഡർ എന്നു പറഞ്ഞാൽ, അച്ചടക്കമുള്ള ആക്റ്റിവിസ്റ്റുകളുടെ കൂട്ടം.

*അവരുടെ പ്രവർത്തനം ബോധവൽക്കരണം പോലുള്ള അഹിംസാ പ്രവർത്തനങ്ങളിൽ പരിമിതമായിരിക്കും?*

അതേ. ആർ.എസ്.എസ് പോലുള്ള ഒരു സംഘത്തോട് സായുധ സമരത്തിലൂടെ പ്രതിരോധിച്ചു നിൽക്കാൻ നമുക്ക് കഴിയില്ല. അവരുടെ പദ്ധതികളെ മറ്റ് വഴികളിലൂടെ പരാജയപ്പെടുത്താൻ നമുക്ക് കഴിയും. ഉദാഹരണത്തിന് കേരളത്തിലെ എൻ.ഡി.എഫിന്റെ കാര്യമെടുക്കുക. എൻ.ഡി.എഫ് രൂപീകൃതമായതിനു ശേഷം ഹിന്ദുത്വരുടെ ഫാഷിസ്റ്റ് പ്രോപഗണ്ടക്കെതിരെ ഞങ്ങളുടെ പ്രവർത്തകരിലൂടെ പൊരുതുകയായിരുന്നു ഞങ്ങൾ. നുണപ്രചാരണങ്ങളിലൂടെയും തെറ്റിദ്ധാരണകളിലൂടെയുമാണ് സാമുദായിക സംഘട്ടനങ്ങൾ ഉണ്ടാകുന്നത്. അത്തരം ശ്രമങ്ങളെ തടയാൻ ഇപ്പോൾ എൻ.ഡി.എഫ് ഉണ്ട്.

*ശരി, അപ്പോൾ, ആയുധമെടുക്കുന്ന പ്രശ്നമേയില്ല?*

ഇല്ല.

*ശാരീരിക ആക്രമണങ്ങളെ വെറും വാക്കുകൾ കൊണ്ട് തടയാൻ കഴിയുമെന്നാണോ താങ്കൾ പറയുന്നത്?*

ഞങ്ങൾ ചെന്നായയുടെ മുന്നിൽ പെട്ട ആട്ടിൻകുഞ്ഞുങ്ങളല്ല. സ്വയം പ്രതിരോധിക്കുകയെന്നും മറ്റൊരാളെ ആക്രമിക്കുകയെന്നും പറഞ്ഞാൽ രണ്ടും രണ്ട് കാര്യമാണ്. ഒരാൾ എന്നെ ആക്രമിക്കുകയാണെങ്കിൽ അയാളുടെ കൈപിടിക്കാനുള്ള അവകാശം എനിക്കുണ്ട്. ലോകത്തെങ്ങുമുള്ള നിയമങ്ങൾ സ്വയം പ്രതിരോധം അനുവദിക്കുന്നുണ്ട്. അതിനു വേണ്ടി നിങ്ങൾ ഒരു സംഘടനയുണ്ടാക്കേണ്ട ആവശ്യമില്ല.

*ആർ.എസ്.എസ്സിനെതിരെ ആയുധമെടുക്കേണ്ട സാഹചര്യമുണ്ടെന്ന് താങ്കൾ കരുതുന്നുണ്ടോ?*

ഒരു സംഘടനയെന്ന നിലയിൽ സായുധ പ്രതിരോധം പ്രായോഗികമാണെന്ന് ഞങ്ങൾ കരുതുന്നില്ല. പക്ഷേ, രാജ്യത്തെ പൗരന്മാരാണെന്ന നിലക്കാണെങ്കിൽ, അതേ. ഓരോരുത്തർക്കും സ്വയം പ്രതിരോധിക്കാനുള്ള അവകാശമുണ്ട്. എന്നിരുന്നാലും, ഞങ്ങളുടെ ശക്തിയെ അങ്ങനെയൊരു സംഘട്ടനത്തിനു വേണ്ടി സംഘടിപ്പിക്കാൻ ഞങ്ങളുദ്ദേശിക്കുന്നില്ല. എന്നാലും, ഫാഷിസ്റ്റുകളുടെ ഭീഷണിക്ക് മുമ്പിൽ ഭയന്നുപോകരുതെന്നും അവർക്ക് എളുപ്പത്തിൽ കീഴടങ്ങിക്കൊടുക്കരുതെന്നുമുള്ള സന്ദേശം ഞങ്ങൾ നൽകുന്നുണ്ട്. നിങ്ങൾ പരാജയപ്പെടുന്നുണ്ടെങ്കിൽ തന്നെ തലയുയർത്തിപ്പിടിച്ച് പരാജയപ്പെടുക.

*ഒരു ചെകിടത്ത് അടിക്കുന്നവന് മറ്റേ ചെകിട് കാണിച്ചു കൊടുക്കുക എന്നത് മാത്രമാണ് എൻ.ഡി.എഫ് എന്നാണോ താങ്കൾ പറയുന്നത്?*

അത് അടിക്കുന്ന ആളിന് അനുസരിച്ചിരിക്കും. ഒരു കുടിയനാണ് അടിക്കുന്നതെങ്കിൽ അവനെ തിരിച്ചടിക്കില്ല. കാരണം അവന് അറിയില്ല, അവൻ എന്താണ് ചെയ്യുന്നതെന്ന്. ലഹരി മാറുന്ന സന്ദർഭത്തിൽ നിങ്ങൾ അവനോട് സംസാരിച്ചാൽ ചിലപ്പോൾ കുടി തന്നെ നിർത്തിയെന്നിരിക്കും. ഒരു തെരുവു തെമ്മാടിയാണ് അടിക്കുന്നതെങ്കിൽ തിരിച്ചടിച്ചെന്നിരിക്കും. കാരണം ഒരിക്കൽ തിരിച്ചടി കിട്ടിയാൽ വീണ്ടും അപ്പണി ചെയ്യുമ്പോൾ അവൻ രണ്ടു വട്ടം ആലോചിക്കും.

*ആർ.എസ്.എസ് എന്താണ്- കുടിയനോ തെരുവു തെമ്മാടിയോ?*

രണ്ടുമല്ല. അപകടകരമായ ഒരു ദർശനത്തിന്റെ ആളുകളായാണ് ഞങ്ങളവരെ കാണുന്നത്. അപകടകരമായ ചരിത്രവീക്ഷണമുള്ള, അപകടകരമായ സാമൂഹിക വീക്ഷണമുള്ള, അപകടകരമായ രാഷ്ട്രീയ വീക്ഷണമുള്ള ഒരു ദർശനം.

*ഖുർആൻ കാലോചിതമാണെന്ന് താങ്കൾ പറയുന്നു. മതത്തിന്റെ ശത്രുക്കൾക്കെതിരെ വാളെടുക്കണമെന്ന് അത് നിർദേശിക്കുന്നില്ലേ? താങ്കളുടെ കാഴ്ചപ്പാടിൽ ആർ.എസ്.എസ് അതാണല്ലോ?*

ശരി. ഖുർആൻ മറ്റു ചിലതും പറയുന്നുണ്ട്. അതായത്, നിങ്ങൾ തിന്മയെ നന്മകൊണ്ട് നേരിടണം. ക്ഷമ കൈക്കൊള്ളണം. കുടിയന്റെ ഉദാഹരണം പോലെ, അത് സാഹചര്യമനുസരിച്ചിരിക്കണം. സാഹചര്യം തിരിച്ചടിക്കണമെന്നാണ് ആവശ്യപ്പെടുന്നതെങ്കിൽ തിരിച്ചടിക്കുക. സാഹചര്യം ഉപദേശിക്കണമെന്നാണ് ആവശ്യപ്പെടുന്നതെങ്കിൽ ഉപദേശിക്കുക.

*റീഡിഫ്* ലേഖകന്റ മുന്നിലാവുമ്പോൾ കുപ്പായത്തിൽ ചെളിപുരളാൻ നമുക്കും പേടിതന്നെയാണെന്ന് ചുരുക്കം.

***പിൻകുറി:*** തമ്മിൽതല്ലി തറവാടുമുടിഞ്ഞ കേരളത്തിലെ ബി.ജെ.പി കുലം നന്നാക്കാൻ ജനരക്ഷായാത്ര എന്ന പേരിൽ ഒരു ജീവൻരക്ഷാ യാത്ര നടത്തുന്നുണ്ട്. തങ്ങളുടെ പരമ്പരാഗത ശക്തികേന്ദ്രമായ കാസർകോട്ടിനു പുറത്ത് യാത്രയെ സ്വീകരിക്കാൻ ആളുകൂടിയത് മലപ്പുറത്തു മാത്രം. ബി.ജെ.പി നേതാക്കൾ സ്വകാര്യം പറയുന്നു; എൻ.ഡി.എഫിന് നന്ദി!

contactseethi@yahoo.co.in